## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1119 — 13.12.2012-ൽ മറുപടിയ്ക്ക്

### മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാജു | ശ്രീ. പി.കെ. അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) കേരളത്തിൽ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കിക്കൊണ്ടുള്ള ഉത്തരവ് ഈ വർഷം നടപ്പിലാക്കുമോ ; | (എ) 01.09.11 - ലെ സ:ഉ(പി) നം:183/11/ പൊ.വി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് മലയാളത്തിന് പകരം സ്പെഷ്യൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന സ്ക്കൂളുകളിൽ ഏത് ക്ലാസ് മുതൽ മലയാളം പഠിപ്പിച്ചു തുടങ്ങുവാൻ നിർദ്ദേശം നൽകുമെന്നും ഇത് എന്ന് മുതൽ പ്രാബല്യത്തിൽ വരുത്തുമെന്നും വ്യക്തമാക്കുമോ ; | (ബി) മലയാള ഭാഷാ പഠനം 10-ാം ക്ലാസ്സുവരെ നിർബന്ധമാക്കിയിട്ടുള്ള - താണ് . 2012-13 -ൽ 8-ാം ക്ലാസ്സിലും 2014-15 -ൽ 10-ാം ക്ലാസ്സിലും മലയാള പരീക്ഷ നിർബന്ധമായിരിക്കും. കൂടാതെ 5 -ാം ക്ലാസ്സുമുതൽ തുടർന്നുവരുന്ന സ്പെഷ്യൽ ഇംഗ്ലീഷ് അടുത്ത 3 വർഷം കൊണ്ട് നിർത്തലാക്കുന്നതാണെന്നും അതിനു പകരം മലയാളം പഠിപ്പിക്കേണ്ടതാ - ണെന്നും 10.05.12-ലെ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

(.....................2)

(സി) പുതുതായി തുടങ്ങുന്ന സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്ക്കൂളുകൾ മലയാളം പാഠ്യവിഷയമാക്കിയില്ലെങ്കിൽ അവയ്ക്ക് അംഗീകാരം നൽകുമോ ;

(സി) ഇതു സംബന്ധിച്ച കാര്യത്തിൽ ഇതുവരെയും തീരുമാനമായിട്ടില്ല. എന്നാൽ 10.05.12 -ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സി.ബി.എസ്.ഇ , ഐ.സി.എസ്.ഇ സ്ക്കൂളുകളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കുകയും ഇത്തരം സ്ക്കൂളുകളിലെ അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം, പാഠപുസ്തക വിതരണം എന്നിവ നടത്തുന്നതിനും തീരുമാനമുണ്ടാ - യിട്ടുണ്ട്. കൂടാതെ നിലവിലുള്ള സമീപനമനുസരിച്ചുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കി നൽകുന്നതിന് എസ്.സി.ഇ.ആർ.റ്റി യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട് . സി.ബി.എസ്.ഇ , ഐ.സി.എസ്.ഇ സ്ക്കൂളുകളിൽ മലയാള പഠനം നിർബന്ധമാക്കിയ നടപടിക്കെതിരെ ബഹു: ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിധിക്കെതിരെ സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട് .

(ഡി) നിലവിലുള്ള ഇത്തരം സ്ക്കൂളുകളിൽ മലയാളം പഠിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

(ഡി) 01.09.11 - ലെ സ:ഉ(പി) നം:183/11/ പൊ.വി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുള്ളതാണ്. കൂടാതെ ഇത്തരം പ്രവർത്തനങ്ങളുടെ തുടർച്ചയായി ഈ സ്ക്കൂളുകളിലെ അദ്ധ്യാപകർക്കുള്ള പ്രത്യേക പരിശീലനവും പാഠ പുസ്തക

(...............3)

വിതരണവും ആവശ്യമായി വന്നാൽ നടത്താവുന്നതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എസ്.സി.ഇ.ആർ.റ്റി തയ്യാറാക്കുന്ന പഠന സഹായിയും നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ